പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2561 — 09.03.2017 ന് മറുപടിയ്ക്ക്.

**ഐ.റ്റി.സികളിലെയും ടെക്നിക്കൽ ഇൻസ്റ്റിട്യൂട്ടുകളിലെയും ഇൻസ്ട്രക്ടർമാർക്ക് മിനിമം വേതനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ഡി.സതീശൻ : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ പ്രൈവറ്റ് ഐ.റ്റി.സികളിലും, ടെക്നിക്കൽ ഇൻസ്റ്റിട്യൂട്ടുകളിലും ജോലി ചെയ്യുന്ന ഇൻസ്ട്രക്ടർമാർക്ക് മിനിമം വേതനത്തിന് അർഹതയുണ്ടോ;<br><br>(ബി) പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് മിനിമം വേതനം ഉറപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ? | (എ) & (ബി) വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിൽ വരുന്ന, സംസ്ഥാനത്തെ പ്രൈവറ്റ് ഐ.ടി.ഐ. കളിൽ (മുൻപ് ഐ.ടി.സി.കൾ എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്) ജോലി ചെയ്യുന്ന ഇൻസ്ട്രക്ടർമാർ മിനിമം വേജസ് ആക്ടിലെ വർക്ക്മെൻ എന്ന കാറ്റഗറിയിൽ ഉൾപ്പെടുന്നില്ല എന്നതിനാൽ ടി ജീവനക്കാർക്ക് മിനിമം വേജസ് നിശ്ചയിച്ചിട്ടില്ല. എൻ.സി.വി.റ്റി അഫിലിയേഷൻ ലഭിച്ചിട്ടുള്ള പ്രൈവറ്റ് ഐ.ടി.ഐ.യിലെ ഫാക്കൽറ്റി/സ്റ്റാഫ് മെമ്പേഴ്സിന് സർക്കാർ ഐ.ടി.ഐ. കളിലെ ജീവനക്കാർക്ക് നൽകുന്ന ശമ്പളത്തിന്റെ 2/3 ഭാഗം ശമ്പളം മിനിമം വേതനമായി നൽകണമെന്ന് ഡി.ജി.റ്റി അറിയിച്ചിട്ടുണ്ട്. ടി നിർദ്ദേശം കർശനമായി പാലിക്കണമെന്നും കൂടാതെ പുതുതായി ആരംഭിക്കുന്ന പ്രൈവറ്റ് ഐ.ടി.ഐ. മാനേജ്മെന്റുകളിൽ നിന്നും മേൽ നിർദ്ദേശം പാലിക്കുന്നതിനുള്ള ഒരു അണ്ടർടേക്കിംഗ് വാങ്ങണമെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. അതിൻപ്രകാരമുള്ള ഉത്തരവ് ട്രെയിനിംഗ് ഡയറക്ടർ എല്ലാ പ്രൈവറ്റ് ഐ.ടി.ഐ. മേധാവികൾക്കും നൽകുകയും പുതുതായി പ്രൈവറ്റ് ഐ.ടി.ഐ. ആരംഭിക്കുന്ന മാനേജ്മെന്റുകളിൽ നിന്നും അത്തരത്തിലുള്ള ഒരു അണ്ടർടേക്കിംഗ് വാങ്ങുകയും ചെയ്യുന്നുണ്ട്. എന്നാൽ പ്രൈവറ്റ് ഐ.ടി.ഐ. കൾക്ക് അഫിലിയേഷൻ നൽകുന്നത് കേന്ദ്ര മന്ത്രാലയത്തിനു കീഴിലുള്ള ഡി.ജി.റ്റി ആയതിനാൽ ടി പ്രൈവറ്റ് ഐ.ടി.ഐ. കളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ ഇടപെടുന്നതിന് വകുപ്പിന് ഇപ്പോൾ പരിമിതികൾ ഉണ്ട്.<br><br>ആയതിനാൽ പ്രൈവറ്റ് ഐ.ടി.ഐ. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥയിൽ തൊഴിൽ വകുപ്പിന് ഇടപെടാനുതകുന്ന തരത്തിൽ നിയമ നിർമ്മാണം നടത്തുന്നതിനാവശ്യമായ ശിപാർശ തയ്യാറാക്കി സമർപ്പിക്കുവാൻ ട്രെയിനിംഗ് ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ